റവന്യൂ ബോർഡിനുപകരം കമ്മീഷണറേറ്റ് രൂപീകരണം

44 (847) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ബോർഡിനുപകരം കമ്മീഷണറേറ്റ് രൂപീകരിച്ചതിൽ സർക്കാരിന് ഭരണച്ചെലവ് ഇനത്തിൽ എന്തെങ്കിലും നേട്ടമുണ്ടായോ ;

(ബി) കമ്മീഷണറേറ്റ് രൂപീകരിച്ചതിനുശേഷം ഇതുകൊണ്ട് ജനങ്ങൾക്കോ ഗവൺമെന്റിനോ എന്തെങ്കിലും നേട്ടമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ ;

(സി) ഇപ്പോൾ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

ഉത്തരം

(എ) ലാന്റ് റവന്യൂ കമ്മീഷണറേറ്റ് രൂപീകരിച്ചതിൽ ഭരണച്ചെലവ് ഇനത്തിൽ നേട്ടമുണ്ടായിട്ടുണ്ട്. ലാന്റ് റവന്യൂ കമ്മീഷണറേറ്റ് രൂപീകരിച്ചത് റവന്യൂ ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അധികാര വികേന്ദ്രീകരണത്തിനും വേണ്ടിയാണ്.

(ബി) 1997-ലെ 14-ാം ആക്ടുപ്രകാരം 1-7-1998 മുതൽ റവന്യൂ ബോർഡ് നിറുത്തലാക്കുകയും, റവന്യൂ ബോർഡ് അംഗത്തിൽ നിക്ഷിപ്തമായിരുന്ന അധികാരം ലാന്റ് റവന്യൂ കമ്മീഷണറിൽ നിക്ഷിപ്തമാക്കുകയും ചെയ്തു. അപ്രകാരം ലാന്റ് റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിരുന്ന എല്ലാ നിയമങ്ങളും ചട്ടങ്ങളും റവന്യൂബോർഡ് സ്റ്റാന്റിംഗ് ഓർഡറുകൾ, ഇവയ്ക്കുകീഴിൽ നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ എന്നിവയെല്ലാം കമ്മീഷണറിൽ നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിന്റെ ജോലിഭാരം കുറഞ്ഞ ആഫീസുകൾ നിറുത്തലാക്കുകയും ആ ജീവനക്കാരെ ജോലിഭാരം കൂടിയതും ജീവനക്കാർ കുറവുള്ളതുമായ ഓഫീസുകളിൽ പുനർവിന്യസിച്ചത് പൊതുജനങ്ങൾക്ക് വളരെയേറെ ഉപകാര പ്രദമായിട്ടുണ്ട്.

(സി) കാര്യക്ഷമമായി നടക്കുന്നുണ്ട്.

കെട്ടിട നികുതി പിരിവിന്റെ മാനദണ്ഡങ്ങൾ

45 (848) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പുമുഖേന എത്രകോടി രൂപ കെട്ടിട നികുതിയായി പിരിക്കുന്നതിനാണ് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുള്ളത് ;

(ബി) ഇതിന്റെ പേരിൽ കെട്ടിട നികുതി ഒടുക്കേണ്ടാത്ത കെട്ടിട ഉടമകളിൽ നിന്നും റവന്യൂ ഉദ്യോഗസ്ഥർ നികുതി ഈടാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യം അന്വേഷിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly